## പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം)

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(സാന്നിധ്യം: ഹരിലാൽ റ്റി എൻ)**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം - ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) **കമ്പ്യൂട്ടർ സയൻസ്** തസ്തികയിൽ 45600-95600/- രൂപ ശമ്പള സ്കെയിലിൽ, എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റൻറ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള തസ്തികമാറ്റ നിയമനങ്ങളിലുണ്ടായ എൻ.ജെ.ഡി ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**No.HSE/9869/2026-Ad C6** **Dated: 26-10-2026**

പരാമർശം:
1. 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001/പൊ.വി.വ നമ്പർ ഉത്തരവ്.
2. 10/03/2025 തീയതിയിലെ സ.ഉ (അച്ചടി) നം.10/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 01/09/2025 തീയതിയിലെ Civil Appeal No.1385/2025 മ്മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ്.
4. 15/03/2026 തീയതിയിലെ സ.ഉ (കൈ) നം.80/2026/പൊ.വി.വ നമ്പർ ഉത്തരവ്.
5. 16/05/2026 തീയതിയിലെ HSE/5592/2025-Ad B2 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6. 22/05/2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7. 14/08/2026 തീയതിയിലെ HSE/5592/2025-Ad B2 നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി ചെയ്ത ഉത്തരവ്.
8. 25/09/2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി

സ്കൂളുകളിലെ മൊത്തം ഹയർ സെക്കൻഡറി അധ്യാപക ജൂനിയർ തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം (2) സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കമ്പ്യൂട്ടർ സയൻസ് തസ്തികയിൽ 29/12/2020 മുതൽ 01/06/2025 വരെയുണ്ടായ ഒഴിവുകളിലേക്ക് എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം), ലാബ് അസിസ്റ്റൻറ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവർക്ക് യഥാക്രമം 70:20:5:5 എന്ന അനുപാതത്തിൽ പരാമർശം (6) പ്രകാരം നിയമനം നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുപ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിൽ എച്ച്.എസ്.റ്റി. വിഭാഗങ്ങളിലുണ്ടായ എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പരാമർശം (8) പ്രകാരം തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ട്. ഇതിൽ എച്ച്.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ വിഭാഗങ്ങളിൽ എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്.

2 . പ്രസ്തുത എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പരാമർശം (5), (7) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ അടുത്ത അധ്യാപകന്/അധ്യാപികയ്ക്ക് തസ്തികമാറ്റ നിയമനം നൽകേണ്ടതുണ്ട്.

3. മിനിസ്റ്റീരിയൽ വിഭാഗത്തിലെ എൻ.ജെ.ഡി ഒഴിവ് നികത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടിയിട്ടുള്ളതിനാൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്തുന്നതാണ്. "പ്രസ്തുത വ്യക്തിയുടെ സീനിയോറിറ്റി സർക്കാർ എടുക്കുന്ന തീരുമാനത്തിന് വിധേയമായിരിക്കും".

4. മേൽ സാഹചര്യത്തിൽ, പരാമർശം (3)-ലെ ബഹു. സുപ്രീം കോടതി വിധിയുടെയും പരാമർശം (4)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ, എച്ച്.എസ്.റ്റി വിഭാഗം അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ അടുത്ത അധ്യാപകന് നിലവിൽ ടെറ്റ് യോഗ്യത നേടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിലേക്ക് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) കമ്പ്യൂട്ടർ സയൻസ് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ. നം. | സീ. ലിസ്റ്റിലെ ക്രമ നം. | പേര്, ജനന തീയതി, പെൻ | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | വിഭാഗം | നിയമനം നൽകുന്ന സ്കൂൾ |
|---|---|---|---|---|---|
| **2020 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ** | | | | | |
| 1 | 5 | RANEESH M S 30/03/1980 294459 | Govt D V. H. S. S. Charamangalam | HST | 11154 - GOVT. HSS, MATTUMMAL, ATHAVANAD, MALAPPURAM |

5. നിയമനം ലഭിച്ച അധ്യാപകൻ വിദ്യാഭ്യാസ യോഗ്യത (തുല്യത ഉൾപ്പെടെ) തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ നിയമന ഉത്തരവ് റദ്ദാക്കുന്നതാണ്.

6. ടി അധ്യാപകന് ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, സ്കൂൾമാറ്റം എന്നിവ അനുവദിക്കുന്നതല്ല.

7. നിയമനം ലഭിച്ച അധ്യാപകൻ ടി. തസ്തികയിൽ തുടരാൻ യോഗ്യരല്ലായെന്ന് തുടർ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി. അധ്യാപകനെ പഴയ ലാവണത്തിലേക്ക് റിവേർട്ട് ചെയ്യുന്നതാണ്.

**8. അടുത്ത പൊതുസ്ഥലം മാറ്റത്തിലോ/ കോടതി/ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അധ്യാപികയെയോ/അധ്യാപകനെയോ ടി സ്കൂളിൽ നിയമിക്കുന്ന പക്ഷം ടി അധ്യാപകനെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.**

<u>ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:</u>

- ടി അധ്യാപകനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് പരിശോധിക്കേണ്ടതാണ്.
- അധ്യാപകനെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം ആയത് **dhse.ker@gmail.com** ഇമെയിൽ ഐഡിയിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. **കൂടാതെ ടി അധ്യാപകനെ വകുപ്പിൻ്റെ വെബ് സൈറ്റായ dhsetransfer.kerala.gov.in -ൽ അതേ ദിവസം തന്നെ ചേർക്കേണ്ടതും ഇവരുടെ നിയമനം 'conditional status' എന്ന് രേഖപ്പെടുത്തേണ്ടതാണ്.**
- അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അധ്യാപകൻ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ **dhse.ker@gmail.com** ഇമെയിൽ ഐഡിയിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും ടി അദ്ധ്യാപകനെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

**HARILAL T N**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽ, ഡി.ഇ.ഒ/ എ.ഇ.ഒ/എച്ച്.എം, ആർ.ഡി.ഡി
3. സി.എ ടു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. സി.എ ടു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർ

**ഉത്തരവിൻ പ്രകാരം**

Digitally signed by
Thankamani T
Date: 26-10-2026 സൂപ്രണ്ട്
12:04:49